# കഷ്ടാനുഭവ ആഴ്ച  പ്രഭാതം

## രാത്രി നമസ്ക്കാരം

(ഹാശായുടെ ഒരു കൗമാ നമസ്ക്കരിച്ച് ഉറക്കമില്ലാത്ത ഉണർവുള്ളവനേ എന്ന അപേക്ഷയും ചൊല്ലിയശേഷം)

### അപേക്ഷ

ഞങ്ങളുടെ പിതാവായ ആദാം നിമിത്തം കഷ്ടമനുഭവിച്ചു പറുദീസായിക്കു അവനെ തിരിപ്പിപ്പാൻ തിരുമനസ്സായി എന്ന സകലത്തിന്റെയും ഉടയവനായ മഹാരാജാവേ! നിനക്കു സ്തുതി. അവരുടെ രോഗികളെ സൗഖ്യമാക്കിയതിനാൽ സപ്രേന്മാർ നിനക്കു മരണം നിശ്ചയിച്ചു എന്ന സകലത്തിന്റെയും ഉടയവനായ മിശിഹാ രാജാവേ! നിനക്കു സ്തുതി. സകല ജനവുമേ! വരുവിൻ നമ്മുടെ രക്ഷിതാവായ മശിഹാ തമ്പുരാന്റെ കഷ്ടാനുഭവത്തിൽ നാമും കഷ്ടമനുഭവിച്ചു നമുക്കുവേണ്ടി മരണശിക്ഷയെ കൈക്കൊണ്ടു എന്ന പരിശുദ്ധനെ നാം സ്തുതിച്ചു വന്ദിക്കണം. സകലത്തിന്റെയും ഉടയവനായുള്ളാവേ! നിനക്കു സ്തുതി. ഞങ്ങൾക്കു വേണ്ടി ജഡം ധരിച്ചു എന്ന വചനമായ ദൈവവും നിന്റെ തിരുരക്തത്താൽ ഞങ്ങളെ വിലയ്ക്കു വാങ്ങി നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ രക്ഷിച്ചു എന്ന സകലത്തിന്റെയും ഉടയവനും ആയുള്ളാവേ! നിനക്കു സ്തുതി. ആദ്യന്തമില്ലാത്ത നിന്റെ കൃപമൂലം സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി ആദാമിന്റെ കുററം നിമിത്തം ന്യായസ്ഥലത്തിൽ കുറ്റക്കാരനെപ്പോലെ നിന്നു നിന്റെ തിരുവിഷ്ടത്താൽ സകല കഷ്ടതകളും സഹിച്ചു എന്ന

ഉത്തമനായുള്ളാവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റെയും ഉടയവനായുള്ളാവേ! നിനക്കു സ്തുതി. അവരുടെ സകലവിധ രോഗികളെയും മഹാ വലിയ അതിശയത്താൽ സൗഖ്യമാക്കി ആശ്വസിപ്പിച്ചതിനു പകരം സപ്രേന്മാരും പ്രീശന്മാരും നിന്റെമേൽ വഞ്ചന വിചാരിക്കയും നിന്നെ തൂക്കുവാൻ വേണ്ടി മരത്തെ അവർ ഒരുക്കുകയും അവരുടെ സകല ഹേമങ്ങളും ശിക്ഷകളും ഞങ്ങൾക്കുവേണ്ടി അനുഭവിക്കുകയും ചെയ്തു എന്ന സകലത്തിന്റെയും ഉടയവനായുള്ളാവേ! നിനക്കു സ്തുതി, ഊർശ്ലേം മക്കൾക്കുവേണ്ടി നീ ചെയ്ത രക്ഷയ്ക്കു പകരം കഷ്ടതയും നിന്ദയുടെ സ്കീപ്പായും നിനക്കു അവർ പകരം വീട്ടി. ഇവയെല്ലാം ഞങ്ങൾക്കു വേണ്ടി സഹിച്ചവനേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. ജനമൊക്കെയും നശിക്കാതിരിപ്പാനായിട്ട് എല്ലാവർക്കും വേണ്ടി ഒരുത്തൻ മരിക്കുന്നതു് എത്രയും നല്ലതാകുന്നു എന്നു വഞ്ചകനായ കയ്യാപ്പാ നിന്നെക്കുറിച്ചു പറഞ്ഞ വചനം സത്യമായ ദീർഘദർശനമായി അവൻ പറഞ്ഞു.
സകലത്തിന്റെയും ഉടയവനായുള്ളാവേ! നിനക്കു സ്തുതി. ഭൂമിയിലേക്കു ഇറങ്ങി ദാവീദിന്റെ മകളിൽനിന്നു ശരീരം ധരിച്ചു ഞങ്ങളുടെ പാപമോചനത്തിനായിട്ട് കഷ്ടമനുഭവിപ്പാൻ നിന്റെ കരുണയും സ്നേഹവും നിന്നെ നിർബന്ധിച്ചു എന്ന ഞങ്ങൾക്കുള്ള മിശിഹാതമ്പുരാനേ! നിനക്കു സ്തുതി. നാം എല്ലാവരും ഉറക്കത്തിൽനിന്നും ഉണർന്ന് നമുക്കു വേണ്ടി കഷ്ടമനുഭവിക്കുകയും തന്റെ കഷ്ടാനുഭവത്താൽ നമ്മുടെ കഷ്ടതകളെ മായിച്ചുകളകയും ചെയ്ത നമ്മുടെ കർത്താവിനെ അടങ്ങാതെ സ്തുതിക്കണം. ദൈവമേ നിനക്കു സ്തുതി. നിനക്കു സ്തുതി, നിനക്കു സ്തുതി. മനോഗുണമുള്ളവനേ! നിന്റെ കരുണയാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. ശ്ലീഹന്മാർ ആവലാതിപ്പെട്ടു വിലപിപ്പാനും ദുഃഖിപ്പാനും തക്കവണ്ണം നിന്റെ കഷ്ടാനുഭവത്തെക്കുറിച്ചു രാത്രിയിൽ അവർക്കു വെളിപ്പെടുത്തിക്കൊടുത്തു എന്ന ദൈവമേ! നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. മനോഗുണമുള്ളവനെ! നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോടു

മനോഗുണം ചെയ്യേണമെ. ദ്രവ്യാഗ്രഹംമൂലം സ്കറിയോത്താ രാത്രിയിൽ ചെന്നു നിന്നെ ശിക്ഷയ്ക്കു വിധിപ്പാൻ ആഗ്രഹിച്ചിരിക്കുന്ന കൊലപാതകരോടുകൂടെ നിന്നെക്കുറിച്ച് ആലോചിച്ചു എന്ന ദൈവമേ ! നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി, മനോഗുണമുള്ളവനേ! നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. അന്യായക്കാർ രാത്രിയിൽ സംഘം കൂടി ദൈവപുത്രനാകുന്ന നിന്നെ ഏതുപ്രകാരം പിടിക്കേണ്ടു എന്നു നിന്നെക്കുറിച്ച് അന്വേഷണം ചെയ്തു എന്ന ദൈവമേ ! നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി, മനോഗുണമുള്ളവനേ! ഞങ്ങളോടു നീ മനോഗുണം ചെയ്യേണമെ.

(താഴെവരുന്ന പ്രകാരം ഒരു കൗമാ ഇവിടെ നമസ്കരിക്കണം)

തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മിശിഹായെ ഈ രാത്രിസമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

(മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം)

ഞങ്ങളുടെ കർത്താവേ നിനക്കുസ്തുതി... ഇത്യാദി.

**അപേക്ഷ**

ലോകത്തിന്റെ രക്ഷിതാവായ മിശിഹാതമ്പുരാനേ യൂദന്മാരുടെ സംഘം നിന്റെ മേൽ ശങ്ക തീരുകയും നന്മയ്ക്കുപകരം തിന്മ നിന്നോടു പകരം വീട്ടുകയും കുററമില്ലാത്ത നിനക്കു സ്കീപ്പായെ ഒരുക്കുകയും അന്യായക്കാരോടുകൂടെ നിന്നെ എണ്ണുകയും ചെയ്തതിനാൽ അവരെ നീ ചിതറിച്ചുകളഞ്ഞു. അവർക്കു പകരം നിന്റെ ജനമായി ഞങ്ങളെ നീ കൂട്ടിച്ചേർത്തു. യഹൂദന്മാരായ ശപിക്കപ്പെട്ട ജനത്തിൽനിന്നു നീ അനുഭവിക്കുന്ന കഷ്ടതകളും മരണവും മൂലം ലോകം രക്ഷപ്പെടുമെന്നു സത്യത്തിന്റെ കാഴ്ചക്കാരായ നിന്റെ ദീർഘദർശിമാർ മുമ്പുകൂട്ടി

പ്രസംഗിച്ചതായ മറയപ്പെട്ട രഹസ്യങ്ങളെ  ശ്ലീഹന്മാരുടെ കൂട്ടത്തിന് രാത്രിയിൽ വെളിപ്പെടുത്തി എന്ന ഞങ്ങളുടെ കർത്താവേ! നിന്റെ താഴ്ചയെ ഞങ്ങൾ സ്തുതിക്കുന്നു.

ഞങ്ങളുടെ രക്ഷകനായ മിശിഹാ തമ്പുരാനേ! ശുദ്ധമുള്ള നിന്റെ സഭ നിന്റെ കഷ്ടാനുഭവ ദിവസങ്ങളിൽ കഷ്ടമനുഭവിച്ചു കൊണ്ട് ഇതാ അട്ടഹസിക്കുന്നു. ഞങ്ങൾക്കുവേണ്ടി ജഡം ധരിച്ചു എന്ന വചനമായ മശിഹാതമ്പുരാനേ നിന്നിലും നിന്റെ കഷ്ടാനുഭവത്തിലും ഞങ്ങൾ ഏറ്റുപറയുന്നു. ദൈവപുത്രാ! നിന്റെ സ്നേഹത്തിൽനിന്നു ഞങ്ങളേ ഉപേക്ഷിക്കരുതേ. നിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭവിച്ച് ആവലാതിപ്പെടുന്ന നിന്റെ സഭയെ നീ രക്ഷിക്കേണമെ. നിന്റെ തിരുനാമത്തെ ഏറ്റു പറകയും നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടമനുഭവിക്കയും ചെയ്തു എന്ന നിന്റെ ജനത്തെ നീ ഓർത്തുകൊള്ളണമേ. ഞങ്ങളുടെ രക്ഷിതാവേ! നിന്നെയും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച നിന്റെ പിതാവിനെയും ഞങ്ങൾ സ്തുതിക്കുന്നു.

കർത്താവേ, സപ്രേന്മാരും പ്രീശന്മാരും നിനക്കു വിരോധമായി ആലോചിച്ചു. അവരുടെ രോഗികളെ സൗഖ്യമാക്കി, മരിച്ചവരെ ജീവൻ നൽകി രക്ഷിച്ചതിനു പകരം മരണശിക്ഷ നിനക്കു വിധിപ്പാനായി അവർ മന്ത്രിച്ചു. ഹൃദയത്തെയും അന്തരിന്ദ്രിയങ്ങളേയും പരിശോധിച്ച് അറിയുന്നവനായ നിന്നെ അവർ അറിഞ്ഞില്ല. ഞങ്ങളുടെ മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമയിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തുവാൻ ഞങ്ങൾക്കു വേണ്ടി കഷ്ടതയ്ക്കും മരണത്തിനും എഴുന്നള്ളിയവനേ നിനക്കു സ്തുതി. സത്യത്തെ ദ്വേഷിച്ചവരായ യഹൂദന്മാരും അവരുടെ പ്രധാനന്മാരും കയ്യാപ്പായുടെ പക്കൽ കൂടപ്പെട്ടു. ഉന്നതത്തിന്റെയും അഗാധത്തിന്റെയും കർത്താവായ നിനക്കു വിരോധമായി അവർ വിചാരിച്ചു.

കുററമില്ലാത്ത നിനക്കു മരണശിക്ഷ വിധിപ്പാൻ അവർ ലജ്ജിച്ചില്ല. പാപത്തിന്റെ അന്ധതയിൽ നിന്നു ഞങ്ങളെ രക്ഷിച്ചു സ്വാതന്ത്ര്യമാക്കുവാനായി നിന്റെ തിരുവിഷ്ടത്താൽ ഇവയെല്ലാം നിന്റെ തിരുമേനിയിൽ ക്ഷമയോടെ കൈക്കൊണ്ടു എന്ന ഞങ്ങളുടെ രക്ഷിതാവേ, നിന്റെ താഴാഴ്മയെക്കുറിച്ചു ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ നിന്റെ താഴാഴ്മയെക്കുറിച്ചു സ്തോത്രം ചെയ്യുവാൻ ഞങ്ങളുടെ വായ്കളാലും നാവുകളാലും എന്തുമതിയാകുന്നു. കഷ്ടാടാനുഭവത്തിനും മരണത്തിനുമായി എത്രമേൽ നിന്നെത്തന്നെ നീ താഴ്ത്തിയോ അത്രയും നിന്റെ സ്വഭാവം ഉന്നതപ്പെട്ടതും വാഴ്ത്തപ്പെട്ടതുമാകുന്നു.  സ്തുതികളുടെ ഉടയവനും സകലത്തിന്റെയും കർത്താവുമേ, നിന്റെ കഷ്ടാനുഭവം മൂലം ഞങ്ങളെ രക്ഷിച്ചതുകൊണ്ടു നിന്റെ മഹത്വം സകല വായ്കളാലും പുകഴ്ത്തപ്പെടുന്നു. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

സത്യവഴികളെ മനുഷ്യമക്കളോട് ഉപദേശിപ്പാൻ എഴുന്നള്ളി എന്ന പ്രകാശത്തിന്റെ രാജാവേ, തിരിച്ചറിവില്ലാത്ത ജനം നിന്നോടു എതിർത്തു. നിന്റെ അതിശോഭയെ കണ്ടു രക്ഷപ്പെടാതെയിരിപ്പാനായിട്ട് അവരുടെ അഹങ്കാരം മൂലം അവരുടെ കണ്ണുകളെ അവർ അടച്ചുകളഞ്ഞു. അവരുടെ ഹൃദയത്തിൽ പതിഞ്ഞിരുന്ന ക്രൂരത മൂലം നിങ്കൽ അവർ കോപപ്പെട്ടു. അവരുടെ പല്ലുകളെ കടിച്ചും കൊണ്ട് നിന്നെ കൊല്ലുവാൻ തക്കവണ്ണം നിങ്കലേക്ക് അവർ പാഞ്ഞെത്തി. അവരുടെ രക്ഷയെ അവർ അറിയാതെ നിന്നെ അവർ ഉപേക്ഷിച്ചു. നിന്നെ കൈക്കൊണ്ടു എന്ന പുറജാതികൾ നിന്റെ സുവിശേഷത്താൽ പ്രകാശിച്ചു. നിന്റെ രഥത്തിൻ കീഴു പൂട്ടപ്പെട്ടിരിക്കുന്ന ക്രൂബേന്മാർ അവരുടെ ചിറകുകളിന്മേൽ നിന്നെ ഘോഷിക്കുന്നു. എന്നാൽ ശപിക്കപ്പെട്ട ജനം നിനക്കു സ്കീപ്പായെ ഒരുക്കി. അത്രയുമല്ല, അവർ കള്ളന്മാരോടുകൂടെ മരണശിക്ഷയെ നിനക്കു വിധിച്ചു.

ഇവയെല്ലാം ഞങ്ങൾക്കുവേണ്ടി സഹിച്ചു എന്ന രക്ഷകാരാ, നിന്റെ താഴാഴ്മ എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു. നിന്റെ മരണത്തിനായി ആർപ്പിടുകയും ദുഷ്ടന്മാരോടും അന്യായക്കാരോടും കൂടെ നിന്നെ എണ്ണുകയും വചനത്താൽ പറഞ്ഞൊപ്പിപ്പാൻ വഹിയാത്തവണ്ണമുള്ള സകലവിധ ശിക്ഷകളും ഹേമങ്ങളും നിന്നോടു ചെയ്കയും നിന്നെ ഉപേക്ഷിക്കയും നിന്ദയുടെ സ്കീപ്പായിൽ നിന്നെ തൂക്കുകയും ചെയ്തിട്ടുള്ളവർക്കുവേണ്ടി, പിതാവേ അവർ എന്തുചെയ്യുന്നു എന്നു അവരറിയായ്കയാൽ അവരോടു ക്ഷമിക്കണമെ എന്നു നിന്റെ പിതാവിനോട് അപേക്ഷിച്ചു എന്ന അനുഗ്രഹക്കാരാ, ഞങ്ങളുടെമേൽ നീ കരുണ ചെയ്യേണമെ. ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചു എന്ന മനോഗുണമുള്ളവനെ, നിനക്കു സ്തുതി. കണ്ടാലും നിന്റെ ഇടവക മുഴുവനും നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെട്ടുകൊണ്ടു ഇതാ നിന്നെ സ്തുതിച്ചു സ്തുതിയുടെ കിരീടം നിനക്കായി മുടയുന്നു. അതിനായിട്ട് എത്രയും നീ സഹിച്ചുവോ അത്രയും അതു നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, ആയിരങ്ങളുടെ ആയിരങ്ങളിൽ നിന്നും നിനക്കു സ്തുതി. പതിനായിരങ്ങളുടെ പതിനായിരങ്ങളിൽനിന്നും നിനക്കു സ്തുതി. നിനക്കും ഞങ്ങളുടെ രക്ഷയ്ക്കായിട്ടു നിന്നെ അയച്ച പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതിയും പുകഴ്ചയും ആദിമുതൽ എന്നുമെന്നേയ്ക്കും, ആമ്മീൻ.

(തന്റെ കഷ്ടാനുഭവത്താലും താഴ്മയാലും നമ്മെ രക്ഷിച്ചു എന്ന മിശിഹായെ ഈ രാത്രിസമയത്തിൽ നാം സ്തോത്രം ചെയ്തു വന്ദിക്കണം. ഇത്യാദി കൗമാ നമസ്കരിക്കണം.)

# അപേക്ഷ

നിന്റെ മരണത്തെക്കുറിച്ച് ഏശയാദീർഘദർശി ഞങ്ങൾക്കു വെളിപ്പെടുത്തിയ പ്രകാരം അറപ്പിന് ആടുപോലെ നിന്നെ അവർ കൂട്ടിക്കൊണ്ടുപോയി. രോമം കത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ നീ മിണ്ടാതെയിരുന്നു. നീ താഴ്ത്തപ്പെട്ടു നിന്റെ സഭയെ നീ ഉയർത്തി, നീ ശിക്ഷ അനുഭവിച്ചു അതിന്റെ പ്രജകളെ നീ സ്വതന്ത്രരാക്കി. നിന്റെ വിലാവിൽ നിന്നു ഒഴുക്കിയ രക്തത്താൽ ഞങ്ങളെ രക്ഷിച്ചവനെ! നിനക്ക് സ്തുതി. ഞങ്ങളുടെ രക്ഷയ്ക്കായി ഉയരത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള  ദൈവത്തിന്റെ കുഞ്ഞാടേ, നിന്റെ പിതാവിന്റെ തോട്ടത്തിൽ മഹത്വത്തിന്റെ ഫലങ്ങളെ നീ അന്വഷിച്ചു. വേലക്കാർ നിന്നെ കണ്ടപ്പോൾ അവകാശി ഇവനാകുന്നു; വരുവിൻ, നാം അവനെ കൊന്നു അവന്റെ അവകാശം എടുക്കണം എന്ന് അവർ വിചാരിച്ചതിനാൽ അവരെ ചിതറിച്ചു. അതിനുപകരം ശുദ്ധമുള്ള സഭയെ നിനക്കു പറഞ്ഞു നിശ്ചയിച്ചു എന്ന കർത്താവേ നീ വാഴ്ത്തപ്പെട്ടവനാകുന്നു. വെള്ളത്തെ നല്ല വീഞ്ഞാക്കി കൊടുത്തതിനു പകരം മരത്തിന്റെ മുകളിൽ വച്ചു ചൊറുക്കായെ നിനക്ക് അവർ തന്നു. അപ്പം അവക്കു സമൃദ്ധിയായി കൊടുത്തതിനു പകരം കയ്പു നിനക്ക് അവർ പകരം വീട്ടി. നിന്റെ നന്മകളെ അവർ അനുഭവിച്ചതിനു പകരം സകല തിന്മകളേയും നിനക്ക് അവർ തന്നു. ദാസന്മാരെ സ്വതന്ത്രരാക്കുവാൻ ശിക്ഷ അനുഭവിച്ച യജമാനനായുള്ളാവേ, നിന്റെ സ്കീപ്പൂസായിൽ സ്തുതിപാടുവാൻ എന്നിൽ നിന്റെ ശബ്ദങ്ങളെ തോന്നിക്കേണമെ. എന്റെ വചനം നിന്നിൽ നിന്നു മഹത്വം ധരിക്കുമാറാകേണമെ. ഞങ്ങൾക്കുവേണ്ടി വിലാവിൽ കുത്തുകൊള്ളപ്പെട്ട മഹോന്നതനെ ഞങ്ങൾക്കുവേണ്ടി നിന്റെ സ്നേഹം എത്ര മേൽ കഷ്ടതകൾ സഹിച്ചുവോ അത്രയും നിന്റെ സ്തുതിയെ വിസ്തരിച്ചു പറവാൻ ഞങ്ങൾക്കു കൃപനൽകണമെ. ന്യായവിസ്താരസ്ഥലത്തിൽ

ശബ്ദിക്കാതെ നിന്നു എന്ന ഉന്നതപ്പെട്ടവനേ! നിന്റെ അഴകിനെ വിസ്തരിപ്പാൻ എനിക്കു നീ ശബ്ദം നൽകണമെ. കർത്താവേ, നിന്നെ വെടിഞ്ഞവർ അടുത്തുകൂടി നിന്നെ പിടിച്ചു. നിന്റെ ശിഷ്യന്മാരും നിന്നെ വിട്ടോടിപ്പോയി. ദുഷ്ടന്മാരും നിന്നെ വളഞ്ഞു, നിന്നെ അവർ വിധിച്ചു, നിന്റെ മുഖത്തു അവർ തുപ്പി, സകല പരിഹാസങ്ങളാലും നിന്റെ ചെവിയെ അവർ നിറച്ചു. ഞങ്ങളെ രക്ഷിപ്പാൻ ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി ഇവയൊക്കെയും സഹിച്ചവനേ നിനക്കു സ്തുതി. നിന്റെ കാലുകളെ ചുംബിച്ച ദോഷത്താളത്തിയുടെ പാപത്തെ ക്ഷമിച്ചതുപോലെ നിന്റെ ശരീരവും രക്തവും അനുഭവിക്കുന്ന നിന്റെ സഭയുടെ പാപങ്ങളേയും നീ ക്ഷമിക്കേണമെ. സകലവും നിന്നാൽ രക്ഷപ്പെട്ടിരിക്കുന്ന രക്ഷിതാവായ ഈശോതമ്പുരാനേ, സകലത്തിൽനിന്നും സകലത്താലെയും നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും അളവില്ലാത്ത സ്തുതി, എന്നെന്നേയ്ക്കും ആമ്മീൻ.

ഹാലേലൂയ്യാ, ഹാലേലൂയ്യാ, ഹാലേലൂയ്യാ, ദൈവമേ നിനക്കു സ്തുതി, എന്നതു മൂന്നു പ്രാവശ്യം ചൊല്ലണം
കരുണയുള്ള ദൈവമേ... ഇത്യാദി
ത്രിത്വത്തിനു സ്തുതി... ഇത്യാദി

**അപേക്ഷ**

ദൈവമേ മാളികയിൽവച്ചു നിന്റെ സ്നേഹത്താൽ നിന്റെ ശിഷ്യന്മാർക്കു നിന്റെ ശരീരവും രക്തവും നീ കൊടുത്തു. അതിൽ നിന്നു നിങ്ങൾ ഭക്ഷിച്ചു കുടിപ്പീൻ എന്ന് അവരോടു നീ അരുളിച്ചെയ്തു. ഞാൻ കഷ്ടമനുഭവിച്ചു ശുദ്ധമുള്ള റൂഹായേയും നിത്യജീവനേയും നിങ്ങൾക്കു തരുന്നതിനുമുമ്പിൽ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ എനിക്ക് ആഗ്രഹമാകുന്നു എന്നു നിന്റെ

സ്നേഹത്താൽ അവരോടു നീ കല്പിച്ചു അത്രയുമല്ലാ കർത്താവേ മാളികയിൽവച്ചു നീയും നിന്റെ ശിഷ്യന്മാരും മേശയ്ക്കിരുന്നപ്പോൾ വെള്ളം എടുത്തുകൊണ്ടു ദാസനെപ്പോലെ അവരുടെ കാലുകളെ കഴുകി, നിങ്ങളും ഇപ്രകാരം തമ്മിൽ തമ്മിൽ ചെയ്‌വീൻ എന്നു അവരോടു അരുളിച്ചെയ്തവനായ മിശിഹാതമ്പുരാനേ നിനക്കു സ്തുതി. നിന്റെ കൃപയാൽ നിന്റെ വലിപ്പത്തെ താഴ്ത്തി ഞങ്ങളുടെ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ നിന്റെ മനോഗുണത്താൽ ഇറങ്ങിവന്നവനായ മിശിഹാകർത്താവേ വഴി പിണക്കത്തിൽ നിന്നു ഞങ്ങളെ രക്ഷിച്ചു എന്ന നിന്റെ അനുഗ്രഹങ്ങൾ വാഴ്ത്തപ്പെട്ടവയാകുന്നു. എല്ലാവരോടും കരുണ ചെയ്യുന്ന പിതാവേ! നിന്റെ രഹസ്യതയ്ക്കു സ്തുതി. എല്ലാവർക്കും വേണ്ടി കഷ്ടമനുഭവിച്ച പുത്രാ! നിന്റെ വെളിപാടിനു വന്ദനം. സകലത്തെയും ശുദ്ധമാക്കുന്ന റൂഹാ, നിന്റെ കരുണയ്ക്കു സ്തോത്രം.

### മാലാഖമാരുടെ സ്തുതിപ്പ്

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ...

### ഹാശായുടെ കൗമാ

## പ്രഭാത നമസ്ക്കാരം

### ഹാശായുടെ കൗമാ

### 51-ാം മസുമൂറാ

നിന്റെ കഷ്ടാനുഭവത്താൽ കഷ്ടമില്ലായ്മ ഞങ്ങൾക്കു തന്നവനായ മിശിഹാ തമ്പുരാനേ നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണചെയ്യേണമെ. സ്വഭാവത്താൽ കഷ്ടതയിൽ നിന്നും മരണത്തിൽനിന്നും

ഉയർന്നിരിക്കുന്നവനും ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചവനുമായ മിശിഹാതമ്പുമാനേ, നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണ ചെയ്യേണമെ.

നിന്റെ കഷ്ടാനുഭവത്താലും മരണത്താലും വഴിപിണക്കത്തിൽ നിന്നു നീ രക്ഷിച്ചു എന്ന നിന്റെ സഭ ഇതാ നിന്നെ സ്തുതിക്കുന്നു. ദൈവമേ നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണ ചെയ്യേണമെ.

എഴുതപ്പെട്ടിരിക്കുന്ന സകല രഹസ്യങ്ങളും സദൃശ്യങ്ങളും ഉപമകളും പൂർണമായി നിവർത്തിച്ചു എന്ന ദൈവമേ നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതു കൊണ്ട് എന്റെമേൽ കരുണ ചെയ്യേണമെ.

ആദാമിനെയും അവന്റെ സന്തതിയെയും രക്ഷിപ്പാൻ കഷ്ടതയും സ്ലീബായും സഹിച്ചവനായ ദൈവമേ! നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണ ചെയ്യേണമെ.

ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്താലും മരണത്താലും സാത്താന്റെ സകല വഞ്ചനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചവനേ! നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണ ചെയ്യേണമെ.

ഞങ്ങളുടെ രക്ഷിതാവായ യേശുതമ്പുരാനേ! പാപത്താലുള്ള സകല കഷ്ടതകളെയും കൊന്നതായ നിന്റെ കഷ്ടാനുഭവത്തിനു സ്തുതി. മനുഷ്യരെ സ്നേഹിക്കുന്നവനെ! നിന്റെ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ട് എന്റെ മേൽ കരുണ ചെയ്യണമെ.

ഞങ്ങളുടെ രക്ഷിതാവായ മിശിഹാതമ്പുരാനേ! നിന്റെ കഷ്ടാനുഭവത്തിന്റെ കൂട്ടായ്മയ്ക്കു നിന്റെ കരുണ ഞങ്ങളെ ക്ഷണിച്ചിരിക്കുന്നു. ആത്മികമായ നിന്റെ മണവറയിൽ പുത്തൻ ജീവസ്സുകളാൽ ഞങ്ങളെ ആനന്ദിപ്പിക്കുന്നവനായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങൾ നിനക്കു സംബന്ധികളും നിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടപ്പെടുന്നവരുമായതുകൊണ്ട് നിന്റെ ഉയിർപ്പിനാൽ ഞങ്ങളെ സന്തോഷിപ്പിച്ചു നിന്റെ പിതാവിന്റെ മുമ്പാകെ ഞങ്ങളെ നീ ഏറ്റു പറയണമെ. ഞങ്ങളുടെ കർത്താവേ, ന്യായാധിപന്മാരുടെ ന്യായാധിപതിയാകുന്ന നിന്നെ മരണശിക്ഷയ്ക്കു വിധിപ്പാൻ അശുദ്ധതയുടെ പട്ടക്കാർ രഹസ്യമായി വിചാരിച്ചു. കർത്താവേ! നിന്റെ മരണം തിന്മപെട്ടവനിൽനിന്നു ഞങ്ങൾക്കു മറയും നിന്റെ തിരുമുഖത്തു് ഏററിട്ടുള്ള തുപ്പൽ ഞങ്ങൾക്കു ജീവന്റെ പാനീയവും ആയിത്തീരേണമെ. കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ നീ കൈക്കൊണ്ടു ഞങ്ങളുടെ പ്രാർത്ഥനകളാൽ സമാധാനപ്പെടേണമെ. സ്നേഹത്താൽ നിന്റെ തിരുമുമ്പിൽ ഞങ്ങൾ ശുശ്രൂഷിച്ചതുകൊണ്ടു ഞങ്ങൾ എല്ലാവരുടെ മേൽ നീ കരുണ ചെയ്യേണമെ. ദൈവമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. താഴാഴ്മയായി വന്നു ശരീരം ധരിച്ച് ആദാം ആയിരുന്ന സ്ഥലത്ത് അവനെ ചെന്നു കണ്ടു വീഴ്ചയിൽനിന്നും അവനെ എഴുന്നേല്പിച്ച ദൈവമേ! നിനക്കു സ്തുതി, ഞങ്ങളുടെ വർഗ്ഗം ഉയർത്തപ്പെടുവാനും പിശാചുക്കൾ വീഴുവാനും ആയി കഷ്ടതകളെ നീ സഹിച്ചു അതിക്രമക്കാരിൽ നിന്നു ദുഷി ഏററു, ശമ്രായക്കാരൻ എന്നു നീ വിളിക്കപ്പെട്ടു. അവർ അന്ധതപ്പെടാതെ ഇരിപ്പാൻ നിന്റെ അതിശോഭയെ നീ മറച്ചുവെച്ചു. നീ ചെയ്തിട്ടുള്ള സകല നന്മകൾക്കും പകരം അന്യായക്കാരോടുകൂടെ നിന്ദയുടെ സ്കീപ്പാ നിനക്ക് അവർ ഒരുക്കി. മനോനൊമ്പരത്താൽ പ്രാർത്ഥിപ്പാൻ നീ മുട്ടുകുത്തി മുഴക്കം നിറയപ്പെട്ട മഹാശബ്ദത്താൽ നിന്റെ പിതാവിനോടു നീ

പ്രാർത്ഥിച്ചു. സ്രാപ്പേന്മാർ നിങ്കൽ നിന്നു വിറച്ച് അവരുടെ മുഖങ്ങളെ മൂടുന്നു എന്ന് നിനക്കു തിരിച്ചറിവില്ലാത്ത ജനമായ സെഹിയോന്റെ പുത്രന്മാർ നിന്ദയുടെ സ്കീപ്പാ ഒരുക്കി. അറിവില്ലാത്തവർ അന്ധകാരത്തിൽ നിന്നു രക്ഷപെടുവാൻ ഇവയെ സഹിച്ചവനേ നിനക്കു സ്തുതി. ലോകരക്ഷിതാവായ ദൈവത്തിൽനിന്നുള്ള ദൈവമേ! വെള്ളിയാഴ്ച ദിവസം മയ്യലിൽ നിന്നെ തൂക്കുവാൻ അവർ തുനിഞ്ഞിറങ്ങി. ഭൂതങ്ങൾ ഇളകി, ഭൂമി വിറച്ചു, പാറകൾ അട്ടഹസിച്ചു, പർവ്വതങ്ങൾ മുറയിട്ടു, ശവക്കല്ലറകൾ തുറക്കപ്പെട്ടു, മരിച്ചവരും പുറപ്പെട്ട് അവരുടെ കാർത്താവിനെ തൂക്കി എന്ന ശപിക്കപ്പെട്ട ജനത്തിനു ഹാ! കഷ്ടം എന്ന് അവർ പറഞ്ഞു. ജനം ഗോഗുൽത്താമേൽ വച്ചു ലോകരക്ഷിതാവായ ദൈവത്തിന്റെ പുത്രനാകുന്ന നിന്നെ സ്കീപ്പായിൽ തറച്ചു. മുള്ളുകൊണ്ടുള്ള കിരീടം നിന്റെ തലയിൽ അവർ വെച്ചു. നിന്റെ കൈകളെ അവർ തുളച്ചു, കാടി നിനക്കവർ തന്നു വേദവാക്യപ്രകാരം കുന്തം കൊണ്ടു നിന്റെ വിലാപ്പുറത്ത് അവർ കുത്തി, ലോകത്തിനു പാപമോചനമായി രക്തവും വെള്ളവും നിന്നിൽ നിന്ന് ഒഴുകി. ഞങ്ങളുടെ രക്ഷിതാവേ നിന്റെ കൃപയ്ക്കു ഞങ്ങൾ സ്തുതിപാടുന്നു. രഹസ്യങ്ങളുടെ കുഞ്ഞാടും , സദൃശ്യങ്ങളുടെ പൂർണ്ണതയും, ബോധങ്ങളുടെ മുദ്രയും, ഞങ്ങൾക്കുവേണ്ടി സമാധാനബലിയും ആയി എന്ന വലിയ മേല്പട്ടക്കാരനായുള്ളാവേ, നിന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനേ! മേലുള്ളവരിൽ നിന്നും താഴെയുള്ളവരിൽ നിന്നും നിനക്കു സ്തുതി, മാലാഖമാരിൽ നിന്നും സാത്താനും ശിഷ്യന്മാരിൽ നിന്നു സ്കറിയോത്തായും ആയ അതിക്രമക്കാർ പുറപ്പെട്ടതു കൊണ്ടു് ആ രണ്ടു ഭാഗക്കാരും നിന്നെ സ്തുതിക്കും. നിന്റെ സ്കീപ്പായാൽ സമാധാനപ്പെട്ടിരിക്കുന്ന നിന്റെ സഭയും അവർക്കു പകരം നിനക്കു സ്തോത്രം ചെയ്യും. വഴിപിണക്കത്തിൽനിന്നു നീ രക്ഷിച്ചിട്ടുള്ള സകലരും നിന്നെ ഏററു പറയും. നിന്റെ സ്കീപ്പുസായാൽ സ്വാതന്ത്ര്യപ്പെട്ടിരിക്കുന്ന ഭൂലോകം മുഴുവനും

നിനക്കു സ്തോത്രം ചെയ്യുകയും സ്തുതിയും സ്തോത്രവും നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും എന്നേയ്ക്കും പാടുകയും ചെയ്യും.

കർത്താവിനെ സ്തോത്രം ചെയ്യുന്നതും...

**ഹാശായുടെ കൗമാ**

**വിശ്വാസപ്രമാണം**